**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5359** **15-03-2023 - ല്‍ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ തോടുകളും കുളങ്ങളും നവീകരിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തില്‍ ആര്‍.കെ.ഐ., ആര്‍.ഐ.ഡി.എഫ്., ആര്‍.കെ.വി.വൈ. എന്നിവ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി നിലവില്‍ പദ്ധതികള്‍ നടപ്പിലാക്കിയിട്ടുണ്ടെങ്കില്‍ വിശദമാക്കാമോ? | (എ) | കുണ്ടറ മണ്ഡലത്തില്‍ ആര്‍.കെ.ഐ., ആര്‍.ഐ.ഡി.എഫ്., ആര്‍.കെ.വി.വൈ. എന്നിവ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി കൃഷി വകുപ്പ് മുഖാന്തിരം നിലവില്‍ പദ്ധതികള്‍ ഒന്നും നടപ്പിലാക്കുന്നില്ല.<br><br>എന്നാല്‍ മണ്ഡലത്തില്‍ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലവില്‍ ആര്‍.ഐ.ഡി.എഫ് XXII ല്‍ ഉള്‍പ്പെടുത്തി കുണ്ടറ ഗ്രാമപഞ്ചായത്തിലെ 1, 4 എന്നീ വാര്‍ഡുകളില്‍ ഉള്‍പ്പെടുന്ന 78 ഹെക്ടര്‍ പ്രദേശത്ത് ‘ആനക്കുഴി ചാമുണ്ടിമൂല തോട് ഡ്രൈനേജ് പ്രൊട്ടക്ഷന്‍ & ഫ്ലഡ് കണ്‍ട്രോള്‍ പദ്ധതി’ 2019 ജനുവരി മുതല്‍ നടപ്പിലാക്കി വരുന്നു. |

സെക്ഷന്‍ ഓഫീസര്‍